## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1208 — 12.06.2014 ൽ മറുപടിക്ക്

### സപ്ലൈകോയുടെ നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>ശ്രീ. വി. ശശി:<br>ശ്രീ. കെ. അജിത്:<br>ശ്രീ. മുല്ലക്കര രത്നാകരൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. 2013 - 14 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായി ഇനി ഏകദേശം 350 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്. |
| (ബി) ഏതെല്ലാം കാലയളവുകളിൽ സംഭരിച്ച നെല്ലിന്റെ വിലയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) 2013 - 14 രണ്ടാം സീസണിൽ മാർച്ച് 30 ന് ശേഷം സംഭരിച്ച നെല്ലിന്റെ വിലയാണ് കൊടുത്തുതീർക്കുവാനുള്ളത്. |
| (സി) സപ്ലൈകോയുടെ നെല്ലിന്റെ സംഭരണവില എത്രയാണ്; ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവിലയായ കിലോയ്ക്ക് 13.10 രൂപയ്ക്കു പുറമെ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള അഡീഷണൽ സബ്സിഡി 4.90 രൂപയും ചേർത്ത് കിലോഗ്രാമിന് 18 രൂപ നിരക്കിലാണ് 2013 - 14 സീസണിൽ നെല്ല് സംഭരണം ആരംഭിച്ചത്. എന്നാൽ 03.03.2014 മുതൽ സംസ്ഥാന സർക്കാർ ഒരു രൂപ കൂടി വർദ്ധിപ്പിച്ചു. സംസ്ഥാന വിഹിതം കി.ഗ്രാമിന് 5.90 രൂപയാക്കി. ആയതിൻപ്രകാരം ഇപ്പോൾ (03.03.2014 ന് ശേഷം) 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. സംഭരണവില ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Beenal

സെക്ഷൻ ഓഫീസർ